കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - സിനിമ തീയറ്ററുകളിൽ സിനിമ പ്രദർശനത്തിന്റെ ഭാഗമായി സുരക്ഷിത മാലിന്യ സംസ്കരണ സന്ദേശങ്ങൾ പ്രദർശിപ്പിക്കുന്നതിന് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ) നം.1235/2018/തസ്വഭവ . തിരുവനന്തപുരം, തീയതി 02.05.2018

പരാമർശം :- ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 05.05.2017 ലെ 2285/E/2017/SM നമ്പർ കത്ത്

## ഉത്തരവ്

മാലിന്യങ്ങൾ പൊതു സ്ഥലത്ത് കത്തിക്കുന്നത് ദേശീയ ഹരിത ട്രിബ്യൂണൽ നിരോധിക്കുകയും വീഴ്ച വരുത്തുന്നവരിൽ നിന്നും പിഴ ഈടാക്കാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. മാലിന്യങ്ങൾ കൂട്ടിയിട്ട് കത്തിക്കുന്നത് ബഹു. കേരള ഹൈക്കോടതിയും നിരോധിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ മാലിന്യം കത്തിക്കുന്നത് മൂലമുള്ള വിപത്തിനെ കുറിച്ചും സുരക്ഷിത മാലിന്യ സംസ്കരണത്തെക്കുറിച്ചും ജനങ്ങളെ ബോധവൽക്കരിക്കേണ്ടതുണ്ട് . അതിനാൽ സിനിമ-സീരിയലുകളുടെ ഭാഗമായി സുരക്ഷിത മാലിന്യ സംസ്കരണ സന്ദേശങ്ങൾ പ്രദർശിപ്പിക്കുന്നതിന് നിർദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശ കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു സംസ്ഥാനത്തെ സിനിമ തീയറ്ററുകളിൽ സിനിമ പ്രദർശനത്തിന്റെ ഭാഗമായി താഴെ പറയുന്ന സുരക്ഷിത മാലിന്യ സംസ്കരണ സന്ദേശങ്ങൾ പ്രദർശിപ്പിക്കുന്നതിന് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

- മാലിന്യങ്ങൾ വലിച്ചെറിയരുത്/കത്തിക്കരുത്.
- ജൈവ മാലിന്യങ്ങൾ വീട്ടിൽ / സ്ഥാപനങ്ങളിൽ തന്നെ സംസ്കരിക്കുക.
- അജൈവ മാലിന്യങ്ങൾ ശേഖരിച്ച് തരംതിരിച്ച് പുന:ചംക്രമണം ഉറപ്പാക്കുന്നതിനായി കൈമാറുക.
- മാലിന്യങ്ങൾ, പ്ലാസ്റ്റിക് എന്നിവ കത്തിക്കുന്നത് ക്യാൻസറിനും മറ്റു രോഗങ്ങൾക്കും കാരണമാകും .
- എന്റെ മാലിന്യം എന്റെ ഉത്തരവാദിത്തമാണ്, എന്റെയും വരും തലമുറയുടെയും നില നില്പിനും ആരോഗ്യത്തിനും ഞാൻ ഉത്തരവാദിത്തം നിറവേറ്റും.

3. അതാത് തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ മേൽ നിർദ്ദേശം സിനിമ തീയറ്റർ ഉടമകളുടെ ശ്രദ്ധയിൽപ്പെടുത്തി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**സിസ്റ്റു .എൽ**

**ഗവ. സ്പെഷ്യൽ സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന).

എല്ലാ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

U4/96398/2016/PHQ
Police Headquarters, Kerala
Thiruvananthapuram-695010
Dated: 23/06/2016

## Circular No. 09/2016

Sub: **Interim Order of the Hon'ble High Court banning burning of plastic and rubber in the open space and directing preventive action by the Police – directions to comply the court order and to initiate preventive action – reg.**

Ref: (1) Interim Order of the Hon'ble High Court of Kerala dated 10/06/2016 in WP(C) No.5636/2016 filed by All Kerala River Protection Council (Copy Attached).
(2) Fax message dated 10/06/2016 from Smt. Girija Gopal, Special Government Pleader to Advocate General.

The Hon'ble High Court of Kerala, vide reference 1st cited, has banned burning of plastic and rubber in the open space. The court observed that the situation has an alarming negative impact on public health and is also a matter of nuisance and needs to be controlled to protect the health of the citizens by protecting and improving the environment and preventing hazards to human beings and other living creatures, plants and properties. The court has also directed that preventive initiatives by the Police shall be the first mode and requisite prosecutions will have to follow as the next step.

(2) As the offence relates to public health and also causes serious damage to environment, sections 268, 269 and 278 of the Indian Penal Code, 1860 and section 120(e) of the Kerala Police Act, 2011 can be invoked together for dealing with such cases. As the offence under section 269 IPC is cognizable, the powers of Police under sections 149 and 151 in Chapter XI of the Code of Criminal Procedure, 1973 with regard to Preventive Action of the Police may also be used for implementing the court order in unavoidable situations.

(3) All officers are directed to ensure that the needful is done for the prevention of the nuisance and allied matters with regard to burning of plastic and rubber under the above quoted legal provisions. Compliance shall be reported immediately.

24/6

**Loknath Behera IPS**
State Police Chief, Kerala

To

All Officers in List 'D'
for information and urgent necessary action.

Copy to: Circular Register, Kerala Police Website.



# അരുത്

## മാലിന്യം കത്തിക്കരുത്

**റബർ/പ്ലാസ്റ്റിക് മാലിന്യം കത്തിക്കുന്നത്**
**ശ്രദ്ധയിൽപെട്ടാൽ**
**ഉടൻ പോലീസിൽ വിവരം അറിയിക്കൂ**

ഇൻഡ്യൻ ശിക്ഷാ നിയമം 268, 269 & 278 പ്രകാരവും,
2011 ലെ കേരള പോലീസ് ആക്ടിലെ 1860 & 120 (e) പ്രകാരവും
പോലീസിന് കേസുകൾ രജിസ്റ്റർ ചെയ്ത്
തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്



കത്തിക്കരുത്



വലിച്ചെറിയരുത്

**മാലിന്യം കത്തിക്കരുത്,**
**കത്തിക്കാൻ അനുവദിക്കരുത്**

മാലിന്യങ്ങൾ അലക്ഷ്യമായി വലിച്ചെറിയുന്നതും
കത്തിക്കുന്നതും നമ്മെ രോഗികളാക്കും

“ശുചിത്വം തന്നെയാണ് സേവനം”

വൃത്തിയായികാക്കാം പൊതുയിടങ്ങളെ

അഴകുള്ളതാക്കാം നമ്മുടെ നാടിനെ



മാലിന്യങ്ങൾ അലക്ഷ്യമായി വലിച്ചെറിയുന്നതും കത്തിക്കുന്നതും നമ്മെ രോഗികളാക്കും



## ഇതിന് നാം തന്നെയല്ലേ ഉത്തരവാദികൾ ?



കത്തിക്കരുത്



വലിച്ചെറിയരുത്

- മാലിന്യങ്ങൾ അഴുകുന്നതും അഴുകാത്തതുമായി തരംതിരിക്കുക
  - അഴുകുന്നവ സ്വന്തം ഉത്തരവാദിത്തത്തിൽ കമ്പോസ്റ്റാക്കുക
  - അഴുകാത്തവ തരംതിരിച്ച് പാഴ് വസ്തു വ്യാപാരികളേയോ, ഹരിതകർമ്മസേനയേയോ ഏൽപ്പിക്കുക



